



# പ്ലാച്ചിമട ബില്ലിനെക്കുറിച്ച് അറിയില്ലെന്ന് ഷിൻഡേ

ന്യൂഡൽഹി: കൊക്കക്കോള ജലചൂഷണത്തിന് ഇരയായവർക്ക് പുനരധിവാസം നടപ്പാക്കുന്നതിനുള്ള പ്ലാച്ചിമട ട്രൈബ്യൂണലിനെക്കുറിച്ച് അറിയില്ലെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി സുശീൽകുമാർ ഷിൻഡേ. ട്രൈബ്യൂണൽ ബിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യാൻ പ്ലാച്ചിമട സമരസമിതി നേതാക്കൾ മന്ത്രിയെ സന്ദർശിച്ചപ്പോളായിരുന്നു കേന്ദ്രത്തിന്റെ ഈ സമീപനം.

ആഭ്യന്തര മന്ത്രാലയമാണോ ഈ വിഷയം പരിഗണിക്കേണ്ടതെന്ന് മന്ത്രി ഷിൻഡേ ചോദിച്ചതായി പ്ലാച്ചിമട സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ പറഞ്ഞു. ആഭ്യന്തര മന്ത്രിയുമായി വിഷയം ചർച്ചചെയ്തതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി കഴിഞ്ഞയാഴ്ച പ്രസ്താവിച്ചിരുന്നു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കേരളീയരെ കബളിപ്പിച്ചെന്ന് സമരസമിതി ആരോപിച്ചു.

വെള്ളിയാഴ്ച രാവിലെയായിരുന്നു സമരസമിതി നേതാക്കൾ ഷിൻഡേയെ സന്ദർശിച്ചത്. ട്രൈബ്യൂണൽ ബില്ലിന് വേഗത്തിൽ അംഗീകാരം നേടാൻ ആഭ്യന്തര മന്ത്രാലയത്തിന്റെ ഇടപെടൽ തേടിയായിരുന്നു സന്ദർശനം. പ്ലാച്ചിമട ബില്ലിനെക്കുറിച്ച് ഈ മാസം നാലിന് ഷിൻഡേയുമായി ചർച്ച നടത്തിയതായാണ് മുഖ്യമന്ത്രി അറിയിച്ചിരുന്നത്. എന്നാൽ, ഇത്തരമൊരു ചർച്ച നടന്നിട്ടില്ലെന്നാണ് വെള്ളിയാഴ്ച തങ്ങൾ ഷിൻഡേയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ ബോധ്യമായതെന്ന് പ്ലാച്ചിമട സമരസമിതി നേതാക്കൾ പറഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ഇക്കാര്യത്തിൽ ഒളിച്ചുകളിക്കുകയാണ്.

കൊക്കക്കോള പോലുള്ള കോർപ്പറേറ്റുകളുടെ സ്വാധീനവലയത്തിലാണ് സർക്കാറും ഉദ്യോഗസ്ഥരും. അതുകൊണ്ടുതന്നെ പ്ലാച്ചിമട ട്രൈബ്യൂണൽ ബിൽ ബോധപൂർവ്വം വൈകിപ്പിക്കുന്നു-അവർ ആരോപിച്ചു.

എ.ഐ.വൈ.എഫ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി പി. സന്തോഷ്കുമാർ, ഏകതാ പരിഷത്ത് ദേശീയ കോ-ഓർഡിനേറ്റർ അനീഷ് തില്ലങ്കേരി, നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ് നേതാവ് വിമൽ, ഡൽഹി ഫോറം നേതാവ് ഡി. ഭാർഗവി എന്നിവരും നിവേദക സംഘത്തിലുണ്ടായിരുന്നു.

*(മാതൃഭൂമി, 2013 മാർച്ച് 16)*

# നെൽവയലുകൾ ഇല്ലാതാക്കാൻ സർക്കാർ നീക്കം

കോട്ടയം: സംസ്ഥാനത്ത് നെൽവയലിന്റെ വിസ്തൃതി വർഷം തോറും കുത്തനെ ഇടിയുകയും അരിവില കുതിച്ചുയരുകയും ചെയ്യുമ്പോഴും ബാക്കിയുള്ള നെൽവയലുകളും നികത്തുന്നതിന് പച്ചക്കൊടി കാട്ടാൻ സർക്കാർ നീക്കം. സ്വകാര്യ വിമാനത്താവള കമ്പനിയേയും സ്വകാര്യ ഭൂമാഫിയകളേയും സഹായിക്കാനായി 2008 നീർത്തട സംരക്ഷണ നിയമം പൊളിച്ചെഴുതാനാണ് സർക്കാർ നീക്കം നടത്തുന്നത്. ഇതിന് പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. നീർത്തട സംരക്ഷണ നിയമം നിലവിലുണ്ടായിട്ടുപോലും കഴിഞ്ഞവർഷം അയ്യായിരത്തിലധികം ഹെക്ടർ നെൽകൃഷി നികത്തിയതായി സർക്കാർ തന്നെ സമ്മതിക്കുന്നു. ഇതിനിടെയാണ് നീർത്തടസംരക്ഷണ നിയമം പൊളിച്ചെഴുതാൻ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക സമിതി നിയോഗിച്ച് സർക്കാർ ഉത്തരവായിരിക്കുന്നത്. (ജി.ഒ-ആർ.ടി-177/2013/ഐ.ഡി, തീയതി 04.02.2013). വിമാനത്താവളം, റോഡ്, ദേശീയപാത, വ്യവസായ പദ്ധതികൾ തുടങ്ങിയവ നടപ്പാക്കാൻ നിലവിലെ നീർത്തട സംരക്ഷണ നിയമം വിഘാതമാവുന്നെന്ന് വ്യക്തമായി പറഞ്ഞാണ്, 2008 ലെ കേരള കൺസർവേഷൻ ഓഫ് പാഡിലാൻഡ് ആന്റ് വെറ്റ്ലാൻഡ് ആക്ടിന് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ പ്രത്യേക സമിതി രൂപവത്കരിച്ചത്.

പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ അധ്യക്ഷനും ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായം), അഡീഷണൽ ചീഫ് സെക്രട്ടറി (ട്രാൻസ്പോർട്ട്), സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എം.ഡി, ധനകാര്യം, റവന്യൂ, നിയമം, പരിസ്ഥിതി, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായ സമിതിയാണ് ഇതിനായി രൂപവത്കരിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ നെൽവയൽ വിസ്തൃതി വർഷം തോറും കുറഞ്ഞുവരികയാണെന്ന് സർക്കാർ ഈയിടെയും നിയമസഭാ യോഗത്തിൽ വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ ഫെബ്രുവരി 11ന് എം. ഹംസ എം.എൽ.എ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് കൃഷി മന്ത്രി കെ.പി. മോഹനൻ നൽകിയ മറുപടിയനുസരിച്ച് സംസ്ഥാനത്ത് 2,08,160 ഹെക്ടർ നെൽവയലാണ് അവശേഷിക്കുന്നത്.

ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ട് അനുസരിച്ച് 2010-11 സാമ്പത്തിക വർഷം 2,13,187 ഹെക്ടറായിരുന്നു നെൽവയൽ വിസ്തൃതി. അതായത് ഒരു വർഷത്തിനിടെ സംസ്ഥാനത്ത് 5027 ഹെക്ടർ നെൽവയൽ അപ്രത്യക്ഷമായി. 25 വർഷം മുമ്പ് സംസ്ഥാനത്ത് ഏഴ് ലക്ഷം ഹെക്ടറിലധികം നെൽവയൽ ഉണ്ടായതാണ് ഇപ്പോൾ രണ്ട് ലക്ഷത്തിലേക്ക് ഇടിഞ്ഞിരിക്കുന്നത്.

നിലവിലെ വയലുകളെ സംരക്ഷിച്ചുനിർത്തുന്ന കാര്യത്തിൽ 2008ലെ നീർത്തട സംരക്ഷണ നിയമം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടുതാനും. ആറന്മുള വിമാനത്താവളം ഉൾപ്പെടെയുള്ള പദ്ധതികൾക്കെതിരെ പരിസ്ഥിതി സംഘടനകൾ നിയമയുദ്ധം നടത്തുന്നത് ഈ നിയമത്തിന്റെ പിൻബലവുമായാണ്. ഇതിനിടെയാണ് നിയമം തന്നെ പൊളിച്ചെഴുതാൻ സർക്കാർ നീക്കം ആരംഭിച്ചത്.

*(മാധ്യമം, 2013 മാർച്ച് 24)*